# പ്രകൃതിചികിത്സ പാഠ്യപദ്ധതിയിൽ പെടുത്തണം

കൊടുങ്ങല്ലൂർ: പ്രകൃതി ചികിത്സക്ക് ജനങ്ങളുടെയിടയിൽ വേണ്ടത്ര പ്രചാരം സിദ്ധിച്ചിട്ടും സർക്കാർ പ്രകൃതിചികിത്സക്ക് അർഹമായ പരിഗണന നല്കുന്നില്ലെന്ന് ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ പ്രസ്താവിച്ചു. കൊടുങ്ങല്ലൂർ എസ്.എൻ.ഡി.പി. യൂണിയൻ ഹാളിൽ പ്രകൃതി ജീവന ജില്ലാതല സമ്മേളനം ഉൽഘാടനം ചെയ്തു സംസാരിക്കുകയായിരുന്ന അദ്ദേഹം. യതൊരു വിധ പാർശ്വഫലങ്ങൾ ഉളവാക്കാത്തതും എന്നാൽ വലിയ പണചിലവില്ലാത്തതും ജീവൽ രക്ഷാമാർഗ്ഗവും കൂടിയായ പ്രകൃതിചികിത്സയെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിചേർത്തു. "ജില്ലക്ക് ഒരു പ്രകൃതിചികിത്സാ കേന്ദ്രം എന്ന സർക്കാർ അംഗീകരിച്ച തത്വം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലെ ജനങ്ങൾ തല്പരരാണ് എന്ന വസ്തുത കണക്കിലെടുത്ത് സർക്കാർ പ്രകൃതിചികിത്സാ കേന്ദ്രം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ഈ സമ്മേളനം സർക്കാരിനോടഭ്യർത്ഥിക്കുന്നു".

മനുഷ്യാരോഗ്യത്തിന് ഹാനികരമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോളകളുടെ വില്പന പൂർണ്ണമായും നിരോധിക്കണമെന്ന് ഈ യോഗം കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു എന്നീ രണ്ടുപ്രമേയങ്ങളും യോഗം പാസാക്കി.

കെ. കെ. അംബുജാക്ഷൻ
സെക്രട്ടറി, പ്രകൃതി ജീവന സമിതി